(സി) പുതുതായി ആരംഭിക്കുവാനപേക്ഷിച്ചിരുന്ന സ്ഥലത്തു നിന്നും അരമൈൽ അകലത്തിൽ വേറെ സ്കൂളുകൾ ഉള്ളതുകൊണ്ട് അപേക്ഷ അനുവദിച്ചില്ല.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ.

*848. [16] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തിരുവിതാംകൂർ-കൊച്ചിയിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി എന്തെങ്കിലും സ്റ്റീം ഗവണ്മെൻറിൽനിന്നും സ്പോൺസർ ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയെങ്കിലും ചെയ്യുവാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി ഉദ്ദേശം 30,000 അഭ്യസ്തവിദ്യർക്ക് വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ജോലി കൊടുക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ഇതിനും പുറമെ ചെറുകിട വ്യവസായങ്ങളിൽ പുതിയതായി 20,000 പേർക്ക് ജോലി കൊടുക്കുവാൻ സാധിക്കും. ഇതിൽ 50 (അൻപതു്) ശതമാനത്തിൽ കുറയാതെ അഭ്യസ്തവിദ്യർക്ക് ലഭിക്കുന്നതായിരിക്കും.

(ബി) ഉദിക്കുന്നില്ല.

യൂണിസെഫ് മുഖേന വിതരണം ചെയ്യപ്പെടുന്ന അരിയും, പാലും.

*849. [20] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിസെഫിൽനിന്നും 1955 മാർച്ചു മുതൽ എത്ര പുതിയ സ്ഥാപനങ്ങൾക്ക് പാലും, അരിയും വിതരണം ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ട്;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും എത്രവീതം എന്നു പറയാമോ;

(സി) അതിൽ പട്ടികജാതിക്കാർ നടത്തുന്ന എത്ര സ്ഥാപനങ്ങൾ വിതരണകേന്ദ്രങ്ങളായി അനുവദിച്ചിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 223 പുതിയ സ്ഥാപനങ്ങൾക്ക് അരിയും, 55 പുതിയ സ്ഥാപനങ്ങൾക്ക് പാൽപ്പൊടിയും വിതരണം ചെയ്തിട്ടുണ്ട്.

(ബി)

	അരി വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം.	പാൽ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം.
തിരുവനന്തപുരം	47	24
കൊല്ലം	76	19
കോട്ടയം	31	....
തൃശ്ശൂർ	69	12
ആകെ	223	55

(സി) അരി വിതരണകേന്ദ്രങ്ങൾ 38.
പാൽ വിതരണകേന്ദ്രങ്ങൾ 25.

LIBRARY ARCHIVES Kerala Legislative Assembly